കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in
Phone – 04912520145

www.ksad.kerala.gov.in

# തച്ചമ്പാറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി9/121/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി: – 12.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തച്ചമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :

തച്ചമ്പാറ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി9/121/2020 തിയ്യതി: 12.05.2020

**പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26-1-19മുതൽ 17-12-19 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല. .

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സതീശൻ.എൻ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-12-2019 മുതൽ 28-12-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.എൻ.സുമേഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.പ്രീത.യു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സുജാത.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.കന്തസ്വാമി.എൈ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | (1)ശ്രീമതി.സുജാത.കെ.ടി. | 01-04-2018 മുതൽ 20.11.2018 വരെ |
| | (2) ശ്രീമതി. ബീനാജോയ് (President in charge) | 21.11.2018 മുതൽ 11.12.18 വരെ |
| | (3)ശ്രീമതി.ഫിർദൗസ.പി. | 12.12.2018 മുതൽ 31.3.2019 വരെ |
| സെക്രട്ടറി | ശ്രീ.ഹരികൃഷ്ണൻ.എം | 01-04-2018 മുതൽ 22-06-2018 വരെ |
| | ശ്രീമതി.ലത.എസ്. | 23-06-2018 മുതൽ 2-07-2018 വരെ |
| | ശ്രീ.സുരേഷ്.പി | 03-07-2018 മുതൽ 23-10-2018 വരെ |
| | ശ്രീ.ഷിനിൽ.സി.എൻ | 24-10-2018 മുതൽ 31-03-2019 വരെ |

(ബി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.സനൽകുമാർഎം | 01-04-2018 മുതൽ 24-06-2018 വരെ |
| | ശ്രീ.സുരേഷ്.പി | 25-06-2018 മുതൽ 31-03-2019വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ശാന്തിനി.എസ് | 1-4-2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ.ഗോപകുമാർ.എ | 1-4-2018 മുതൽ 31-3-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കണ്ണമ്മ.യു.ആർ | 1-4-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.റീന.വി.എ | 01-04-2018 മുതൽ 12.09.2018വരെ |
| | ശ്രീമതി. സിതാര.പി | 13-09-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ഹണി റോസ് തോമസ് | 1-4-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.വനജ.പി | 1-4-2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.രമ്യ.കെ.വാസു | 1-4-2018 മുതൽ 16.04.2018 വരെ |
| | ഡോ.ദീപ.വി.എസ് | 17-4-2018 മുതൽ 01.06.2018 വരെ |
| | [illegible] | [illegible] |

| | | |
|---|---|---|
| | ഡോ.സ്നേഹ അഗസ്റ്റിൻ | 2-6-2018 മുതൽ 29.06.2018 വരെ |
| | ഡോ.പി.ആർ.ജയകുമാർ | 30-6-2018 മുതൽ 29.10.2018 വരെ |
| | ഡോ.സ്നേഹ അഗസ്റ്റിൻ | 30-10-2018 മുതൽ 30.01.2019 വരെ |
| | ഡോ.സുവർണ്ണ.എ.കൃഷ്ണ | 31-1-2019 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. പ്രിയ.പി.ബി | 1-4-2018 മുതൽ 26.07.2018 വരെ |
| | ശ്രീമതി. എം.എ.ശ്യാമ | 27-7-2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| | ഭാഗം -1<br>ഓഡിറ്റ് റിപ്പോർട്ട് | |
|---|---|---|
| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് വേരിഫിക്കേഷൻ | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷികകണക്കുകളിലെ അപാകതകൾ | 1-9 |
| 10 | മാന്വൽ രശീതികളുടെ പരിശോധന- അപാകതകൾ | 1-10 |
| 11 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്-അപാകതകൾ | 1-11 |
| 12 | കെട്ടിടനമ്പറിങ്ങ് - ചട്ടങ്ങൾ പാലിക്കേണ്ടതാണ്. | 1-12 |
| 13 | വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത -സംബന്ധിച്ച് | 1-13 |
| 14 | വസ്തുനികുതി നിർണ്ണയിച്ചതിന്ശേഷം കെട്ടിടങ്ങളുടെ | 1-14 |

| | | |
|---|---|---|
| | ഉപയോഗക്രമം മാറ്റം വരുന്നതിനനുസൃതമായി വസ്തുനികുതി പുനർനിർണ്ണയിച്ചില്ല | |
| 15 | തൊഴിൽ നികുതി - അപാകതകൾ | 1-15 |
| 16 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. | 1-16 |
| 17 | ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടുള്ള കുടിവെള്ളപദ്ധതികളുടെ വൈദ്യുതി ചാർജ്ജ് സമിതികൾ തന്നെ വഹിക്കേണ്ടതാണ് | 1-17 |
| 18 | തെരുവ് വിളക്ക് പരിപാലനം - രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കൃത്യമാക്കേണ്ടതാണ് | 1-18 |
| 19 | തെരുവ് വിളക്ക് - എൽ.ഇ.ഡി സ്ഥാപിക്കൽ - വിളക്കുകൾ ഗ്യാരണ്ടി കാലയളവിനുള്ളിൽ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-19 |
| 20 | ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ പർച്ചേസ് - ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല – 7040/-രൂപയുടെ അധികച്ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല | 1-20 |
| 21 | ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം – വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല | 1-21 |
| 22 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം/ ചെലവ് തുകകളുടെ വിനിയോഗം എന്നിവ ലഭ്യമാക്കേണ്ടതാണ് | 1-22 |
| 23 | ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ സംരംഭം-ബാങ്ക് ലോൺ മുഖേനയല്ലാതെ ആനുകൂല്യം അനുവദിച്ചു | 1-23 |
| 24 | ലൈഫ് പദ്ധതി-അവലോകനം | 1-24 |
| 25 | കന്നുകുട്ടി പരിപാലനപദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-25 |
| 26 | ഇലക്ട്രിഫിക്കേഷൻ നടപടി പൂർത്തിയാക്കാത്തതിനാൽ നിർമ്മാണം കഴിഞ്ഞ ക്രമറ്റോറിയം പ്രവർത്തിപ്പിക്കാനായിട്ടില്ല. | 1-26 |
| 27 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങളുടെ വിലയിരുത്തൽ. | 1-27 |

## ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

ഒന്നുമില്ല

## ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

ഒന്നുമില്ല

## ഭാഗം-IV

### ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുക | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| 12 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 13 | വിവിധ പത്രികകൾ | അനുബന്ധം-2 |

# <u>ഭാഗം -1</u>
# <u>ഓഡിറ്റ് റിപ്പോർട്ട്</u>.

# 1-1 ബജറ്റ്

26.3.18.തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 21.02.2019തിയതിയിലെ 1/1നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-19 | 18.7.19 | - | - |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8747615 |
| വരവ് | 64156640 |
| ആകെ | 72904255 |
| ചെലവ് | 64754159 |
| നീക്കിയിരിപ്പ് | 8150096 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 15307000 | 15307000 | 13381939 | 1925061 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 4754000 | 4754000 | 4635951 | 118049 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 420000 | 420000 | 420000 | 0 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | 0 | 4348000 | 4348000 | 4348000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3104000 | 3104000 | 2986025 | 117975 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9002193 | 9002193 | 7104000 | 1898193 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 29260932 | 29260932 | 29260932 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8613 | 1337970+ (int)12519 | 1359102 | 1339558 | 19544 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) - ICDS | | 481482 | 823260 | 1304742 | 131030 | 1173712 |
| ബി ഫണ്ട് | | 0 | 225640 | 225640 | 225640 | 0 |
| ലൈഫ് മിഷൻ | | 0 | 9391103 | 9391103 | 9380089 | 11014 |
| ശുചിത്വ മിഷൻ | | 4581 | 1200132 | 1204713 | 0 | 1204713* |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് (KGB7329) | 2681995 | 8541471 | 11223466 | 4948800 | 6274666 |
| | Special TSB | 5186220 | 12415873 | 17602093 | 16642440 | 959653 # |
| | PDC | 745440 | 45585 | 791025 | 12 | 791013 |

* ശുചിത്വ മിഷൻ ഗ്രാന്റ് വരവ് 1200000 രൂപ കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് (KGB7329) നീക്കിയിരിപ്പിൽ ഉൾപ്പെടുന്നുണ്ട്.

# Special TSB നീക്കിയിരിപ്പിൽ ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടുന്നു.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാന |
|---|---|---|---|---|---|---|
| 210 | 127344154 | 166 | 51020988 | - | 44 | 79 |

<u>2018-19 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ79% പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്.</u>

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| വെറ്ററിനറി സർജ്ജൻ | 5 | 5 | 3340000 | 1366000 | 41 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 5 | 1334827 | 1125792 | 84 |
| മെഡിക്കൽ ഓഫീസർ-ISM | 4 | 4 | 1100000 | 1096657 | 100 |
| വി.ഇ.ഒ | 17 | 13 | 81020596 | 18700110 | 23 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7 | 2644100 | 2289610 | 87 |
| സെക്രട്ടറി | 29 | 19 | 7150240 | 5098909 | 71 |
| അസി.സെക്രട്ടറി | 14 | 9 | 3201200 | 941555 | 29 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 119 | 96 | 23571081 | 17748513 | 75 |
| ഡയറി എക്സ്ടൻഷൻ ഓഫീസർ | 1 | 1 | 450000 | 325948 | 72 |
| കൃഷി ഓഫീസർ | 8 | 7 | 3532110 | 2327894 | 66 |
| ആകെ | 210 | 166 | 127344154 | 51020988 | 40 |

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 200640 | 101 |
| കർഷകതൊഴിലാളി പെൻഷൻ | 1771200 | 137 |
| വിധവാപെൻഷൻ | 11198500 | 908 |
| വാർദ്ധക്യകാലപെൻഷൻ | 27585200 | 1970 |
| വികലാംഗപെൻഷൻ | 2670900 | 210 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതയായവർക്കുള്ള പെൻഷൻ | 275200 | 23 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 12 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-12-2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14742 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.19 | 10/2019 | 16-11-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-02-2014മുതൽ 17-02-2014 വരെ | 2008-09 മുതൽ 2012-13 വരെ | 21-3-2014 |

# 1-9 വാർഷികകണക്കുകളിലെ അപാകതകൾ

1. വാർഷിക കണക്കിൽ സംയുക്ത പദ്ധതികൾക്ക് പ്രത്യേക അക്കൗണ്ട് ഇല്ല.
2. NREGS ക്യാഷ്ബുക്ക് പ്രകാരം 2018-19 വർഷത്തെ ആകെ വരവ് 33353829/- രൂപയും ആകെ ചെലവ് 33342898 രൂപയുമാണ്. എന്നാൽ ഇത് വാർഷിക കണക്കിൽ 30600490 രൂപയായാണ് ചേർത്തിട്ടുള്ളത്.

# 1-10 മാനുവൽ രശീതികളുടെ പരിശോധന- അപാകതകൾ

2018-19 വർഷം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റിന്റെ താഴെ പറയുന്ന മാനുവൽ രശീത് പുസ്തകങ്ങൾ പിരിവിനായി നൽകിയിട്ടുണ്ട്.

| ക്രമ നം | പേര്, ഉദ്യോഗപ്പേര് | ബുക്ക് നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | രജിത, ഓഫീസ് അറ്റൻഡന്റ് | 34804<br>34814<br>34815<br>34821<br>34810 |
| 2 | റുക്കിയ, ഓഫീസ് അറ്റൻഡന്റ് | 34817 |

സർക്കാർ ഉത്തരവ് (ആർ.ടി) 1699/2017/ത.സ്വ.ഭ.വ തീയതി 24.5.17 പ്രകാരം പ്രാബല്യത്തിൽ വന്ന "ഓഫീസ് മാനേജ്മെന്റ് മാന്വൽ ഫോർ ലോക്കൽ ഗവർമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് " ഖണ്ഡിക 6.5.11 അനുസരിച്ച് രശീത് പുസ്തകങ്ങൾ ഉപയോഗിച്ച് നികുതി / പണം പിരിക്കുന്നത് ഓഫീസ് അറ്റൻഡന്റിന്റെ ചുമതലയിൽപ്പെടുന്നതല്ല. ഓഫീസ് അറ്റൻഡന്റിന്റെ രശീത് പുസ്തകങ്ങൾ ഉപയോഗിച്ച് നികുതി / പണം പിരിക്കുന്നതിനും, കൈകാര്യം ചെയ്യുന്നതിനും ചുമതലപ്പെടുത്തിയത് മേൽനോട്ട ചുമതലയുള്ള കാഷ്യർ, അക്കൗണ്ടന്റ്, ഹെഡ് ക്ലർക്ക്, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി എന്നിവരുടെ വീഴ്ചയാണ്. ഭാവിയിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ, ഓഫീസ് മാനേജ്മെന്റ് മാന്വൽ ഫോർ ലോക്കൽ ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിവയിലെ വ്യവസ്ഥകൾ / നിബന്ധനകൾ രശീത് പുസ്തകങ്ങൾ കൈകാര്യം ചെയ്യുമ്പോൾ നിർബന്ധമായും പാലിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/23.12.2019) ഇനി മുതൽ ഇത്തരം അപാകതകൾ ആവർത്തിക്കില്ല എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

# 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്- അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലൈസൻസ് ഭേദഗതി ചട്ടങ്ങൾ ഇതുവരെയും പ്രാബല്യത്തിലാക്കിയിട്ടില്ല.

31.10.2017 ലെ ജി.ഒ(പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി പ്രകാരം ചട്ടത്തിലെ (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) എന്നത് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക രണ്ട് ഭേദഗതി ചെയ്ത് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കിയിരുന്നത് മാറ്റി മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടത് എന്നാക്കിയിട്ടുണ്ട്. എന്നാൽ ലൈസൻസ് അനുവദിക്കുന്ന അപേക്ഷാ ഫോറത്തിൽ ഇപ്പോഴും ഡി & ഒ ലൈസൻസ് എന്ന്

തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ദിവസേനയുള്ള വിറ്റുവരവ് എന്നത് മൂലധനം എന്നാക്കി മാറ്റിയിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിലും പഴയനിരക്കിൽ തന്നെയാണ് ഫീസ് ഈടാക്കിയിരിക്കുന്നത്.

2. ലൈവ്സ്റ്റോക്ക് ഫാം രജിസ്റ്റർ, പരിശോധനാ റിപ്പോർട്ട് എന്നിവ സൂക്ഷിക്കുന്നില്ല.

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം അനുവദിക്കപ്പെടുന്ന ലൈസൻസുകളുടെ വിവരം ഇതിനായി വച്ചുപോരുന്ന ഒരു രജിസ്റ്ററിൽ സെക്രട്ടറി എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കൂടാതെ ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ് സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമപഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തിയതായി കാണുന്നില്ല.

3. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഡി.ആന്റ്. ഓ ലൈസൻസ് ഫീ ഡിമാന്റ് കൃത്യത ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ 15 വാർഡുകളിലെയും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സഞ്ചയ വസ്തുനികുതി നിർണ്ണയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 1171 വാണിജ്യ കെട്ടിടങ്ങൾക്ക് നമ്പർ നൽകിയട്ടുണ്ട്. എന്നാൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത് 228 സ്ഥാപനങ്ങൾ മാത്രമാണ്. സ്ഥല പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. റേഷൻ കടക്കാരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 18/23.12.2019 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

# 1-12 കെട്ടിടനമ്പറിങ്ങ് - ചട്ടങ്ങൾ

# പാലിക്കേണ്ടതാണ്

2018-19 വർഷം നമ്പറിങ്ങ് നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വസ്തുനികുതി നിർണ്ണയം- സ്ഥല പരിശോധന നടത്തി ഫാറം 6 പൂരിപ്പിച്ചത് ഫയലിൽ ലഭ്യമല്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം കെട്ടിട ഉടമ വസ്തുനികുതി റിട്ടേൺ ഫോറം 2 വിൽ സമർപ്പിച്ചതും സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ സ്ഥലത്ത് പോയി ഫാറം 6-ൽ ശേഖരിക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തുനികുതിന നിർണ്ണയം നടത്തേണ്ടതുമാണ്. എന്നാൽ വസ്തുനികുതി നമ്പറിംഗ് ഫയലുകൾ പരിശോധിച്ചതിൽ ഒരു ഫയലിലും ഉദ്യോഗസ്ഥൻ സ്ഥല പരിശോധന നടത്തി ഫാറം 6 മാനുവൽ ആയി പൂരിപ്പിച്ചതിന്റെയും ആയത് പരിശോധിച്ച് സെക്രട്ടറി വസ്തുനികുതി നിർണ്ണയം നടത്തിയതിന്റെയും വിവരങ്ങൾ ലഭ്യമല്ല.

2. മഴവെള്ള സംഭരണ ക്രമീകരണങ്ങൾ ഉറപ്പ് വരുത്താതെ കെട്ടിട നമ്പറുകൾ അനുവദിച്ചിരിക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം101, 102 പ്രകാരം പ്രവർത്തനക്ഷമതയുള്ള ഭൂഗർഭജല പോഷണ ക്രമീകരണങ്ങൾ എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളുടെയും അവിഭാജ്യ ഘടകമായി മേൽക്കൂരകളിലെ മഴവെള്ള സംഭരണ കണക്ഷനുകളിലൂടെ സജ്ജീകരിക്കേണ്ടതും പ്ലോട്ട് വിസ്തീർണ്ണം 320 ചതുരശ്ര മീറ്ററിൽ കൂടുതൽ ഉള്ളതും, നില വിസ്തീർണ്ണം 150 ചതുരശ്ര മീറ്ററിന് മുകളിൽ ഉള്ളതുമായ കെട്ടിടങ്ങൾക്ക് മഴവെള്ള സംഭരണി നിർമ്മിക്കേണ്ടത് നിർബന്ധവുമാണ്. എന്നാൽ 2018-19 ൽ നമ്പർ അനുവദിച്ച 150 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മഴവെള്ള സംഭരണ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട് എന്ന് ഉറപ്പാക്കിയിട്ടില്ല. ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമ | കെട്ടിട നമ്പർ | വിസ്തീർണ്ണം($m^2$) |
|---|---|---|---|
| 1 | ഭാസ്കരൻ | 5/504 | 212.48 |
| 2 | അബ്ദുൾ റംഷാദ് | 1/447 | 209.34 |
| 3 | നൗഫൽ | 15/559 | 168.42 |
| 4 | രതീഷ് | 4/491 | 247.63 |
| 5 | ജയനാരായണൻ | 13/1000 to 13/1012 | 460.12 |
| 6 | സീനത്ത് | 15/500A,B,C,D.E.F.G | 440.27 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/23.12.2019) പുതിയതായി നമ്പർ അനുവദിക്കുമ്പോൾ മഴവെള്ളസംഭരണക്രമീകരണങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ നമ്പർ അനുവദിക്കുകയുള്ളൂ എന്ന് മറുപടി ലഭിച്ചിട്ടുണ്ട്

3. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയാണ് എന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 2018-19 വർഷം നമ്പർ അനുവദിച്ച താഴെ പറയുന്ന കെട്ടിടങ്ങളുടെ പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരം ഭൂമിയുടെ തരം നിലം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

1. മുജീബ് റഹ്മാൻ, 12/675,

2.ബിന്ദു,5/509

2018ലെ നെൽവയൽ തണ്ണീർത്തട ഭേദഗതി പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ 4.04 ആർ വിസ്തൃതി ഭൂമിയിൽ 120 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വീട് നിർമിക്കുന്നതിന് അനുമതിയൊന്നും ആവശ്യമില്ലാത്തതാണ്. എന്നാൽ നമ്പർ അനുവദിച്ച മേൽ കെട്ടിടങ്ങൾ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലാണ് എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഫയലില്ല. പഞ്ചായത്തിന്റെ കൈവശമുള്ള ഡാറ്റാ ബാങ്കിൽ എല്ലാ ഭൂമികളും converted before 2 years/3 years/4 years എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രകാരം തച്ചമ്പാറ ഗ്രാമപഞ്ചായത്തിൽ ഡാറ്റാബാങ്കിൽ ഉൾപ്പെട്ട കൃഷിഭൂമി ഒന്നും തന്നെ ഇല്ല എന്ന് മനസ്സിലാക്കുന്നു. ഡാറ്റാ ബാങ്കിലെ പിഴവുകൾ തിരുത്തി കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ലൈവ് സ്റ്റോക്ക് ഫാം അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

2018-19 വർഷം സത്യഭാമ എന്നവർക്ക് പൗൾട്രി ഫാമിനുള്ള കെട്ടിടത്തിന് നമ്പർ (5/503) നൽകിയിട്ടുണ്ട്. ലൈവ്സ്റ്റോക്ക് ഫാം ചട്ടങ്ങൾ പ്രകാരം ഒരു ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുവാനോ അതിനുവേണ്ടിയുള്ള കെട്ടിടമോ ഷെഡ്ഡോ നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്ന ഏതൊരാളും ഈ ആവശ്യത്തിലേക്ക് ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കു വേണ്ടി ഫാറം 1-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും അപേക്ഷയിൽ, ഫാമിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ ഇനങ്ങളും എണ്ണവും, ഈ ആവശ്യത്തിലേയ്ക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം, നിർമ്മിച്ചതോ നിർമ്മിക്കാനുദ്ദേശിക്കുന്നതോ ആയ കെട്ടിടത്തിന്റെ അഥവാ ഷെഡ്ഡിന്റെ വിവരണം (തറ വിസ്തീർണ്ണം ഉൾപ്പെടെ), ഉദ്ദേശിക്കുന്ന മാലിന്യനിർമ്മാർജ്ജന ക്രമീകരണങ്ങൾ, ചുറ്റുവട്ടത്തുള്ള ജനവാസത്തെപ്പറ്റിയുള്ള വിവരണം എന്നീ കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടതും കെട്ടിടങ്ങളുടെയും ഷെഡ്ഡുകളുടെയും പ്ലാനും സ്ഥലത്തിന്റെ സ്കെച്ചും ഉള്ളടക്കം ചെയ്യേണ്ടതുമാണ്. അപേക്ഷ കിട്ടി മുപ്പതുദിവസം അവസാനിക്കുന്നതിനുമുമ്പ് അപേക്ഷയിന്മേൽ സെക്രട്ടറി അനുമതി നൽകുകയോ നിഷേധിക്കുകയോ ചെയ്യേണ്ടതും അനുമതി നൽകിക്കൊണ്ടോ നിഷേധിച്ചുകൊണ്ടോ ഉള്ള ഉത്തരവ് രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതും അതിനുശേഷം ആദ്യം ചേരുന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ മുമ്പാകെ വിശദാംശങ്ങൾ സഹിതം അവതരിപ്പിക്കേണ്ടതുമാണ്. എന്നാൽ ചട്ടപ്രകാരമുള്ള മേൽ നടപടിക്രമങ്ങൾ പാലിക്കാതെ

പൗൾട്രി ഫാമിന് നമ്പർ അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ 17/23.12.2019 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 1-13 വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത -സംബന്ധിച്ച്

വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ ഫയലുകൾ, സഞ്ചയ വസ്തുനികുതിനിർണ്ണയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതിൽ അപാകതകൾ ഉള്ളതായി കാണുന്നു. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് പഞ്ചായത്ത് നിർണ്ണയിച്ചിരിക്കുന്ന വസ്തുനികുതി ചതുരശ്ര മീറ്ററിന് 40 രൂപ എന്ന നിരക്കിലും 100 ച.മീറ്ററിന് മുകളിൽ ഉള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപ എന്ന നിരക്കിലുമാണ്. ഒരു ഉടമസ്ഥന്റെ കീഴിലുള്ള ഒരു വാണിജ്യകെട്ടിടത്തിലുള്ള എല്ലാ മുറികളെയും ചേർത്ത് ഒരു യൂണിറ്റായി കണക്കാക്കി അവയുടെ ആകെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടതിനു പകരം ഒരു കെട്ടിടത്തിലെ വിവിധ മുറികളെ വിവിധ കെട്ടിടങ്ങളായി പരിഗണിക്കുകയും ഓരോ മുറിയുടെയും വിസ്തീർണ്ണം 100ച.മീറ്ററിൽ കുറവായതിനാൽ 40 രൂപ/ച.മീ. എന്ന നിരക്കിൽ നികുതി നിർണ്ണയിക്കുകയും ചെയ്തതായി കണ്ടെത്തി. കൂടാതെ 100ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 100ച.മീറ്ററിൽ കുറവായ കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയം നടത്തിയതായും കണ്ടെത്തി. ഇപ്രകാരം തെറ്റായ നിരക്ക് അടിസ്ഥാനമാക്കി നികുതി നിർണ്ണയം നടത്തിയതിനാൽ പഞ്ചായത്തിന് താഴെ വിവരിക്കും പ്രകാരം നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. ടി കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | ഉടമസ്ഥൻ | കെട്ടിട നമ്പർ | ആകെ വിസ്തീർണ്ണം (മീറ്റർ സ്ക്വയറിൽ) | നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി (40 രൂപ നിരക്കിൽ ) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തുനികുതി (50 രൂപ നിരക്കിൽ ) | അടിസ്ഥാന വസ്തു നികുതിയിൽ കുറവ് |
|---|---|---|---|---|---|---|
| 1 | അബ്ദുൾ ഗഫൂർ | 12/611,612,613. 614.615,616, 617,618,619, 620,621,622,623, 624 | 393.13 | 15725.2 | 19656.5 | 3931.3 |
| 2 | ഹംസ | 13/917 | 23.85 | 954 | 1192.5 | 238.5 |

| | | | | | | |
|---|---|---|---|---|---|---|
| | | 13/918 | 107.87 | 4314.8 | 5393.5 | 1078.7 |
| 3 | അബ്ദുൾ നാസർ | 2/452,453,454, 455,456,457, 458,459,460, 461 | 256.36 | 10254.4 | 12818 | 2563.6 |
| 4 | അബ്ദുൾ നാസർ | 2/462.463.464. 465,466,467, 468,469,470, 471,272, 473,474,475 | 415.84 | 16633.6 | 20792 | 4158.4 |
| | | ആകെ അടിസ്ഥാന വസ്തുനികുതിയിൽ കുറവ് വന്ന തുക | | | | 11970.5 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/23.12.2019 ന് വസ്തുനികുതി പുനർനിർണ്ണയിച്ച് അറിയിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

# 1-14 വസ്തുനികുതി നിർണ്ണയിച്ചതിന്ശേഷം കെട്ടിടങ്ങളുടെ ഉപയോഗക്രമം മാറ്റം വരുന്നതിനനുസൃതമായി വസ്തുനികുതി പുനർനിർണ്ണയിച്ചില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം, കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ, ഉപയോഗ്രക്രമത്തിലോ, ഏതെങ്കിലും ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ ഏതൊരു മാറ്റവും മുപ്പത് ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും അതോടൊപ്പം 11-ാം ചട്ടപ്രകാരമുള്ള ഒരു പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതും മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതത് അർദ്ധ വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർ നിർണ്ണയിക്കേണ്ടതും, അതിനനുസരിച്ച വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതികൾ വരുത്തേണ്ടതും കെട്ടിട ഉടമയ്ക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണ്. കൂടാതെ കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ചുള്ള തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പിന്റെ 02.12.2015 ലെ നം. 129000/ആർ.എ 1/ 2015/തസ്വഭവ ഉത്തരവിന്റെ ഖണ്ഡിക 23 പ്രകാരം കെട്ടിട പ്രവർത്തന ലൈസൻസ് നൽകുന്ന അവസരത്തിൽ നിർദ്ദിഷ്ട ഉപയോഗം കെട്ടിടത്തിന് അനുമതി നൽകിയ അതേ ഒക്കുപ്പൻസി വിഭാഗത്തിൽ തന്നെയുള്ളതാണോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും വിനിയോഗ മാറ്റം ഉള്ള പക്ഷം കെട്ടിട വിനിയോഗ മാറ്റത്തിന് ചട്ടപ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ

വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വിനിയോഗ ഗണത്തിൽ മാറ്റം വന്നിട്ടും ഇവയുടെ വസ്തുനികുതി നിരക്ക് പുനർ നിർണ്ണയിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന് നികുതി വരുമാനത്തിൽ നഷ്ടം ഉണ്ടാകുന്നു. വിനിയോഗ ഗണത്തിൽ മാറ്റം വരുത്തിയിട്ടില്ലാത്ത ഏതാനം കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം, കെട്ടിട ഉടമയുടെ പേര് | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം, ഏരിയ (മീറ്റർ സ്ക്വയർ), നിരക്ക്, നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | ലൈസൻസ് രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ യഥാർത്ഥ ഉപയോഗം, നിർണ്ണയിക്കേണ്ട നിരക്ക്, അടിസ്ഥാന വസ്തുനികുതി | അടിസ്ഥാന വസ്തുനികുതിയിലെ നഷ്ടം |
|---|---|---|---|---|
| 1 | 2/417<br>ബാബുപോൾ, കാഞ്ഞിരത്തിങ്കൽ, പൊറ്റശ്ശേരി | കൈത്തൊഴിൽ ഷെഡ്<br>229* 20= 4580 | കാറ്ററിംഗ് സർവീസ്,<br>ഇതരവ്യവസായം<br>229* 50=11450 | 6870 |
| 2 | 13/620<br>ഷിജു, മാളിയേക്കൽ, തച്ചമ്പാറ | വ്യവസായത്തി- നാവശ്യമുള്ളകൈത്തറി ഷെഡ്,<br>50*20= 1000 | ബിൽഡിംഗ് മെറ്റീരിയൽസ്, ഇതരവ്യവസായം<br>50*50=2500 | 1500 |
| 3 | 13/784<br>പാപ്പൻജേക്കബ്, വേരുങ്കൽ,തച്ചമ്പാറ | കൈത്തൊഴിൽ ഷെഡ്<br>201*20=4020 | സ്റ്റാർ ഏജൻസീസ്, ഇതരവ്യവസായം<br>201*50= 10050 | 6030 |
| 4 | 15/492<br>ആമിന.കെ | പാർപ്പിടം<br>54*5=270 | തുണികച്ചവടം, വാണിജ്യം<br>54*40=2160 | 1890 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/23.12.2019) മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

# 1-15 തൊഴിൽ നികുതി - അപാകതകൾ

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തച്ചമ്പാറ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 205 ഐ പ്രകാരം സെക്രട്ടറി, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിലുള്ള നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും പേര്, മറ്റ് വിവരങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് ഒരു സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇത്തരം സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ എൽ.എസ്.ജി.ഡി സെക്ഷനിലെ 2018-19 വർഷത്തിൽ വിവിധ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി കരാർ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കരാറുകാരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിലെ സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, തൊഴിൽ നികുതി റിട്ടേൺസ്, രജിസ്റ്റർ എന്നിവയിലെ വിവരങ്ങളുമായി താരതമ്യം ചെയ്തതിൽ സ്ഥാപനഉടമകളിൽ നിന്ന്മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്. മറ്റുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തിയുള്ള റിട്ടേൺസ് സമർപ്പിക്കാൻ തൊഴിലുടമയോട് ആവശ്യപ്പെടുകയും,റിട്ടേൺസ് അനുസരിച്ച് എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. (24/28.12.2019)

# 1-16 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 3 വർഷം കഴിഞ്ഞിട്ടും തിരിച്ചു നൽകിയിട്ടില്ലാത്ത ഡെപ്പോസിറ്റ് തുകകൾ ഉള്ളതായി കാണുന്നു. ഇവയെ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കുട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 3 വർഷത്തിലധികം പഴക്കമുള്ള ഡെപ്പോസിറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | വർഷം | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | Election Deposit | 2015 | 39000 |
| 2 | Contractor's EMD | 2015 | 98955 |
| 3 | Contractor's SD | 2015 | 20500 |
| | | | 158455/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/23.12.2019) മറുപടിയായി മേൽ തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

# 1-17 ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടുള്ള കുടിവെള്ളപദ്ധതികളുടെ വൈദ്യുതി ചാർജ്ജ് സമിതികൾ തന്നെ വഹിക്കേണ്ടതാണ്

ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടുള്ള താഴെ പറയുന്ന കുടിവെള്ളപദ്ധതികളുടെ വൈദ്യുതി ചാർജ്ജ് തനത് ഫണ്ടിൽ നിന്ന് അടവാക്കിയിട്ടുണ്ട്. സ.ഉ (സാധാ) നം 1275/2009/ ത.സ്വ.ഭ.വ തീയ്യതി 30.05.2009 -കുടിവെള്ള പദ്ധതികൾ - നടത്തിപ്പ് സംരക്ഷണത്തിലെ നിർദ്ദേശങ്ങളനുസരിച്ച് ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടുള്ള കുടിവെള്ളപദ്ധതികളുടെ വൈദ്യുതി ചാർജ്ജ് സമിതി തന്നെയാണ് വഹിക്കേണ്ടത്. തനത് ഫണ്ടിൽ നിന്ന് അനുവദിച്ച വൈദ്യുതി ചാർജ്ജിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| കുടിവെള്ള പദ്ധതി | അനുവദിച്ച തുക | വൗച്ചർ നം/ തീയതി |
|---|---|---|
| കമ്പിക്കുന്ന് | 423 | 21800466/11.9.18 |
| ടി | 640 | 21801025/8.3.19 |
| ടി | 14 | 21800305/7.7.18 |
| മുള്ളത്ത്പാറ | 190 | 21800122/10.5.18 |

ഭാവിയിൽ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് തനത് ഫണ്ടിൽ നിന്ന് ഒടുക്കുന്നത് ഒഴിവാക്കേണ്ടതാണ്.

# 1-18 തെരുവ് വിളക്ക് പരിപാലനം - രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കൃത്യമാക്കേണ്ടതാണ്

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 അനുസരിച്ച് തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ഗ്രാമപഞ്ചായത്തിൽ അവശ്യം തയ്യാറാക്കേണ്ട രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. നിലവിൽ എല്ലാ സ്റ്റോക്കുകൾക്കും കൂടെ ഒരു രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്. സ.ഉ (സാധാ) നം 2238/2016/ത.സ്വ.ഭ.വ തീയതി 25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ performance guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്. കേടായ സാമഗ്രികൾ അതാത് ദിവസം തന്നെ പഞ്ചായത്തിൽ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും, സ്റ്റോക്ക് ഔട്ട് രജിസ്റ്ററും പൊരുത്തപ്പെടുത്തേണ്ടതുമാണ്.

# 1-19 തെരുവ് വിളക്ക് - എൽ.ഇ.ഡി സ്ഥാപിക്കൽ - വിളക്കുകൾ ഗ്യാരണ്ടി കാലയളവിനുള്ളിൽ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രൊജക്ട് നം - 39/19

അടങ്കൽ - 1000000 (വികസന ഫണ്ട്)

ചെലവ് - 791372 (ബിൽ നം - 35/19.03.19)

നിർവ്വഹണം - സെക്രട്ടറി

മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്തിലെ 15 വാർഡുകളിലും പുതിയതായി 24വാട്ട് ഓട്ടോമാറ്റിക് എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 300 എൽ.ഇ.ഡി വിളക്കുകൾ കേരളാ ഗ്രാമ ജ്യോതി ലൈറ്റിങ്ങ്, കാസർഗോഡിൽ നിന്ന് വാങ്ങിയിട്ടുണ്ട്. സ.ഉ (സാധാ) നം. 1093/2017/ ത.സ്വ.ഭ.വ തീയതി 5.04.2017 പ്രകാരം ക്രൂസിന്റെ അനുബന്ധ സ്ഥാപനമായ കേരളാ ഗ്രാമ ജ്യോതി ലൈറ്റിങ്ങ് പൂർണ്ണമായും സ്വന്തമായി ഉൽപ്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങൾ നേരിട്ട് വാങ്ങുന്നതിനാണ് അനുമതി ഉള്ളത്. ക്രൂസുമായാണ് പഞ്ചായത്ത് 14.02.19ന് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. കരാറിൽ വിളക്കുകൾക്ക് 2 വർഷത്തെ ഗ്യാരണ്ടി വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

നിർവ്വഹണോദ്യോഗസ്ഥൻ 30.10.19 ന് സ്ഥാപനത്തിനയച്ച കത്തിൽ (എ1 – 1181/19) സ്ഥാപിച്ച വിളക്കുകളിൽ ഭൂരിഭാഗവും പ്രവർത്തനരഹിതമാണെന്ന് പറയുന്നു. ഇവയുടെ

സാമ്പിൾ പരിശോധിച്ചതായി കാണുന്നില്ല. വിളക്കുകളുടെ നിലവിലെ പ്രവർത്തനക്ഷമത സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/23.12.19) മറുപടി ലഭ്യമാക്കിയിട്ടില്ല. എക്സിറ്റ് മീറ്റിങ്ങിൽ ടി വിഷയം ചർച്ച ചെയ്തതിലും സ്ഥാപിച്ച വിളക്കുകളിൽ ഭൂരിഭാഗവും പ്രവർത്തനരഹിതമാണെന്ന് പഞ്ചായത്ത് ഭരണസമിതി അറിയിച്ചിട്ടുണ്ട്.

മേൽ പർച്ചേസ് സംബന്ധിച്ച് സാമ്പത്തിക വർഷത്തെ പ്രൊക്യൂർമെന്റ് കമ്മിറ്റി എന്തെങ്കിലും തീരുമാനം എടുത്തതായി പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സിൽ രേഖപ്പെടുത്തലുകളില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. കരാറിലെ വ്യവസ്ഥ പ്രകാരം സ്ഥാപിക്കുന്ന വിളക്കുകൾക്ക് വാറണ്ടി കാലയളവിനുള്ളിൽ കേട്പാടുകൾ സംഭവിക്കുന്ന പക്ഷം പഞ്ചായത്തിന്റെ രേഖാ മൂലമുള്ള അറിയിപ്പ് ലഭിച്ച് 20 ദിവസത്തിനകം കരാറുകാരൻ പരാതി പരിഹരിക്കേണ്ടതാണെന്ന് കാണുന്നു. ഇതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സ്ഥാപനം വാറണ്ടി കാലയളവിനുള്ളിൽ കേട്പാടുകൾ തീർക്കാത്തപക്ഷം പഞ്ചായത്ത് സ്ഥാപനത്തിനെതിരെ സ്വീകരിക്കുന്ന നിയമനടപടികൾ സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഭാവിയിൽ ഇത്തരം പദ്ധതികളുടെ കരാറിൽ ആയത് കൃത്യമായി വ്യവസ്ഥ ചെയ്യേണ്ടതാണ്. വിളക്കുകൾ പ്രവർത്തനക്ഷമമാക്കാത്ത പക്ഷം തുക നഷ്ടപരിഹാരമായി സ്ഥാപനത്തിൽ നിന്ന് ഈടാക്കേണ്ടതാണ്.

3. തെരുവ് വിളക്കുകളുടെ വാർഷിക റിപ്പയറിൽ വാറണ്ടിയുള്ള വിളക്കുകൾ ഉൾപ്പെടാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. പ്രവർത്തനക്ഷമമല്ലാത്ത വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നുണ്ടോ എന്ന് കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി ആയത് ഒഴിവാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-20 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ പർച്ചേസ് - ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല – 5632/- രൂപയുടെ അധികച്ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹിച്ച ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ പർച്ചേസിൽ അവലംബിച്ചിട്ടുള്ള ടെണ്ടർ നടപടിക്രമങ്ങൾ 2013ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 എന്നിവയിലെ

വ്യവസ്ഥകൾ പ്രകാരമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

1. പ്രൊജക്ട് നം - s0170/19 – വി.ഇ.ഒ ഓഫീസ് കമ്പ്യൂട്ടറൈസേഷൻ

അടങ്കൽ - 50000

ചെലവ് - 36300 (ബിൽ നം - 27/5.02.19)

2. പഞ്ചായത്ത് ഓഫീസ് ഡിജിറ്റലൈസേഷനും, അനുബന്ധ ഉപകരണങ്ങൾ വാങ്ങലും

പ്രൊജക്ട് നം - s0175/19

അടങ്കൽ - 405920

ചെലവ് - 165152 ( വൗച്ചർ നം - 21800913/31. 01.19)

മേൽ പദ്ധതികൾ പ്രകാരം വി.ഇ.ഒ ഓഫീസിലേക്ക് 1 ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടറും, പഞ്ചായത്ത് ഓഫീസിലേക്ക് 4 ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടറുകളും വാങ്ങിയിട്ടുണ്ട്. ഇപ്രകാരം 5 ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി 11.12.2017 ൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. (എ1-3035/17) . പഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷനുകൾ പ്രകാരം ടെണ്ടർ സമർപ്പിച്ച Apple talk, പാലക്കാട്, Nisdon Infoway, പെരിന്തൽമണ്ണ എന്നീ സ്ഥാപനങ്ങളിൽ നിന്ന് കൂടിയ നിരക്ക് ക്വാട്ട് ചെയ്ത Nisdon Infoway, പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് സ്വീകരിച്ചിട്ടുള്ളത്. പഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ, സ്ഥാപനങ്ങൾ സമർപ്പിച്ച സ്പെസിഫിക്കേഷൻ എന്നിവ താരതമ്യം ചെയ്തതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ഐറ്റം | പഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷനുകൾ | Apple talk | Nisdon Infoway |
|---|---|---|---|
| Processor | Intel core i3 7th generation speed 3.5GHz | Intel core i3 7th generation speed 3.5GHz | Intel core i3 7th generation speed 3.9GHz |
| RAM | 4 GB DDR3 | 4 GB DDR3 | 4 GB |
| Hard disk | 500 GB 7200 rpm or higher | 500 GB 7200 rpm or higher | 1 TB |
| DVD writer (Yes/No) | Yes | Yes | Yes |
| Display Size & Type | 18.5 LED | 18.5 LED | 18.5 LED Digital colour monitor |

| | | | |
|---|---|---|---|
| Operating System | As per dept. requirement | Windows 10 professional | Windows 10 professional |
| OEM Warranty | 5 years | 5 years | 5 years |
| Networking facility | 10/ 100/ 1000 | 10/ 100/ 1000 | 10/ 100/ 1000 |
| IKM Remark | a. ROHS compliance for product<br>b. ISO 1 400 1 for OEM<br>c. EPEAT Silver for Model quoted | a. ROHS compliance for product<br>b. ISO 1 400 1 for OEM<br>c. EPEAT Silver for Model quoted | EPEAT Silver for Model – not specified |
| Price | - | 1. 31,785<br>2. 39,880 | 41288 |

പഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷനുകളിൽ നിന്ന് യാതൊരു വ്യത്യാസവുമില്ലാതെ Apple talk സമർപ്പിച്ച ടെണ്ടറിൽ താഴെ പറയുന്ന രണ്ട് തരം ബ്രാൻഡുകൾക്ക് നിരക്കുകൾ ക്വാട്ട് ചെയ്തിട്ടുണ്ട്.

1. Desk top computer Brand -ACER Aspire/ Veriton – 31,785/-

2. Desk top computer Brand -ACER Aspire/ Veriton with WINDOWS 10/8/7 – Professional Licensed Operating system – 39,880/-

കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ച22.01.18 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നം - 5/5, 22.01.18 ലെ പർച്ചേസ് കമ്മിറ്റി തീരുമാനം നം -1 എന്നിവയിലെ വിശദാംശം താഴെ ചേർക്കുന്നു.

തച്ചമ്പാറ ഗ്രാമപഞ്ചായത്തിലെ പൊതുജനങ്ങൾക്ക് വളരെ ഉപകാരപ്രദമാകേണ്ടിയിരുന്ന അക്ഷയ കേന്ദ്രം ആപ്പിൾടെക്ക് എന്ന സ്ഥാപനത്തിന്റെ വീഴ്ചകൾ മൂലം അടച്ചുപൂട്ടുകയുണ്ടായി. ആയതിന്റെ ഭാഗമായി ടി കമ്പനിയിൽ ഭരണസമിതിക്ക് വിശ്വാസ്യത നഷ്ടപ്പെട്ടതു കാരണം പ്രസ്തുത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാതിരിക്കാൻ യോഗം തീരുമാനിച്ചു.

മേൽ സ്ഥാപനം ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന വിവരവും ലഭ്യമല്ല.

കൂടിയ ടെണ്ടർ സ്വീകരിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. Nisdon Infoway സമർപ്പിച്ച ടെണ്ടറിൽ Processor speed, Hard disk, എന്നീ ഐറ്റങ്ങളുടെ സ്പെസിഫിക്കേഷനുകളും, IKM Remark പ്രകാരമുള്ള ഗുണനിലവാര മാനദണ്ഡങ്ങളും പഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷനുകളിൽ നിന്ന്

വ്യത്യസ്തമാണ്. നിർദ്ദിഷ്ട സ്പെസിഫിക്കേഷനുകളിൽ നിന്ന് മേൽ പ്രകാരമുള്ള സ്പെസിഫിക്കേഷനുകൾ വ്യത്യസ്തമായതിനാൽ ആയത് നിരസിക്കാതെ കമ്പ്യൂട്ടറുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ഖണ്ഡിക – 11 ലെ നിബന്ധനകൾക്ക് ( യോഗ്യതയില്ലാത്ത ടെണ്ടറുകൾ നിരസിക്കൽ) വിരുദ്ധമാണ്. സ്റ്റോർസ് പർച്ചേസ് മാന്വൽ ഖ. 9.7 പ്രകാരവും നിശ്ചിത സ്പെസിഫിക്കഷനിൽ അല്ലാത്ത ടെണ്ടർ നിരസിക്കേണ്ടതാണ്.

2. എെ.കെ.എം ജില്ലാ ടെക്ക്നിക്കൽ ഓഫീസറുടെ 22.01.18 ലെ റിപ്പോർട്ടിലെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

പഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷനുകൾ സമർപ്പിച്ചിട്ടുള്ളത് Nisdon Infoway എന്ന സ്ഥാപനം മാത്രമാണ്. ആപ്പിൾടാക്ക് 500 GB Hard disk or above എന്നാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 1 TB Hard disk ആണ് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുള്ളത്. 1 TB Hard disk നൽകുകയാണെങ്കിൽ ആപ്പിൾടാക്കിന്റെ ടെണ്ടർ അംഗീകരിക്കാവുന്നതാണ്.

എന്നാൽ ഫയൽ പരിശോധിച്ചതിൽ പഞ്ചായത്ത് ആവശ്യപ്പെട്ട Hard disk സ്പെസിഫിക്കേഷൻ മേൽ പ്രതിപാദിച്ച പട്ടിക പ്രകാരം 500 GB 7200 rpm or higher എന്നാണ്. ഇതനുസരിച്ചാണ് ആപ്പിൾടാക്ക് ടെണ്ടർ സമർപ്പിച്ച കാണുന്നത്. കൂടാതെ പഞ്ചായത്ത് ആവശ്യപ്പെട്ട IKM Remarks ആപ്പിൾടാക്ക് മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്. Nisdon Infoway IKM Remarks സമർപ്പിച്ചിട്ടില്ല. ആയതിനാൽ എെ.കെ.എം ജില്ലാ ടെക്ക്നിക്കൽ ഓഫീസറുടെ റിപ്പോർട്ടിൽ വൈരുദ്ധ്യം നിലനിൽക്കുന്നു.

3. പഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷനുകൾ പ്രകാരം സമർപ്പിക്കപ്പെട്ട കുറഞ്ഞ നിരക്കിലുള്ള ആപ്പിൾടാക്കിന്റെ ടെണ്ടർ പുറമെയുള്ള സ്ഥാപനമായ അക്ഷയ കേന്ദ്രത്തിന് ലഭ്യമായ സേവനവുമായി ബന്ധപ്പെടുത്തി നിരസിക്കാവുന്നതല്ല. കൂടിയ നിരക്ക് സമർപ്പിച്ച സ്ഥാപനത്തിന്റെ സ്പെസിഫിക്കേഷൻസ് പഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരവുമല്ല.

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം -21/27.12.19) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടില്ല.

മേൽക്കാരണങ്ങളാൽ 4 കമ്പ്യൂട്ടറുകൾക്കായി നൽകിയ അധിക നിരക്ക് താഴെ പറയും പ്രകാരം നിരാകരിക്കുന്നു. ക്രമ നം – 1 പ്രകാരമുള്ള പദ്ധതിയിൽ (വി.ഇ.ഒ ഓഫീസ് കമ്പ്യൂട്ടറൈസേഷൻ) സ്ഥാപനത്തിന് 36300/-രൂപ മാത്രമാണ് നിലവിൽ അനുവദിച്ചിട്ടുള്ളത്. ബാക്കി 4988/- രൂപ നൽകിയിട്ടില്ല.

Nisdon Infoway എന്ന സ്ഥാപനത്തിന്റെ കൂടിയ നിരക്ക് - 41288

അനുവദിക്കാവുന്ന നിരക്ക് - 39880 ( Apple talk - Professional Licensed Operating system)

അധികം - 41288 - 39880 = 1408 x 4 = 5632/-

അധികം നൽകിയ 5632/-രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിക്കുന്നു.

# 1-21 ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം – വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല

ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം നൽകുന്നതിന് ഓഡിറ്റ് വർഷത്തിൽ വികസന ഫണ്ട് വകയിരുത്തി ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം എന്ന പ്രൊജക്ട് ആവിഷ്കരിച്ചിട്ടിട്ടുണ്ട്. പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ട് നം. - 5/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 73800 (വികസന ഫണ്ട് - ജനറൽ)

ചെലവ് – 42840

സ.ഉ (സാധാ)നം.756/17/ത.സ്വ.ഭ.വ തിയതി 18-3-17 പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി 1-4-2017 മുതൽ 31-3-2018 വരെ ദീർഘിപ്പിച്ചു നൽകുകയും വേതനം തനതു ഫണ്ടിൽ നിന്നും നൽകുന്നതിനും അനുമതി നൽകി ഉത്തരവായിരുന്നു. ആയതിന്റെ തുടർച്ചയായി സ.ഉ (സാധാ)നം.571/18/ത.സ്വ.ഭ.വ തിയതി 27-2-18 പ്രകാരം കാലാവധി 1-4-2018 മുതൽ 31-3-2019 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

2018-19 വർഷത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തി നടത്തിയ ചെലവിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം., തിയ്യതി | തുക |
|---|---|---|
| 1 | 16/10-10-18 | 21420- സെപ്റ്റംബർ/18 ലെ വേതനം |
| 2 | 20/03-11-18 | 21420- ഒക്ടോബർ/18 ലെ വേതനം |
| ആകെ | | 42840/- |

തനതുഫണ്ടിൽ നിന്നും തുക വകയിരുത്തുന്നതിനു പകരം പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 11/23.12.19) തനത് ഫണ്ട് അപര്യാപ്തമായതിനാലാണ് പ്ലാൻ ഫണ്ട് വകയിരുത്തിയിട്ടുള്ളത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. വികസന

പ്രവർത്തനങ്ങൾക്കായി ലഭ്യമാകുന്ന തുക വകമാറ്റി ചെലവഴിക്കുന്നത് കർശനമായും ഒഴിവാക്കേണ്ടതാണ്.

# 1-22 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗം എന്നിവ ലഭ്യമാക്കേണ്ടതാണ്

സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗം എന്നിവ ലഭ്യമായിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം - 9/23.12.19). വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം | അടങ്കൽ | പ്രൊജക്റ്റ് | ബിൽ നം/ തീയതി | തുക | നൽകിയത് |
|---|---|---|---|---|---|---|
| 1 | 142/19 | 74000 | ക്രിസ്ത്യൻ പള്ളി - റഹ്മാനിയ റോഡ് പൈപ്പ് ലൈൻ നീട്ടൽ | 17/10.10.18 | 74000 | KWA, PH Division, ഷൊർണ്ണൂർ |
| 2 | 25/19 | 561769 | 13 -ാം വാർഡ് കുടിവെള്ള പദ്ധതി- പൈപ്പ് ലൈൻ നീട്ടൽ | 21800559/5.10.18 | 561769 | ടി |

ചെലവ് തുകകളുടെ വിനിയോഗ വിവരം, പദ്ധതികളുടെ പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-23 ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ സംരംഭം-ബാങ്ക് ലോൺ മുഖേനയല്ലാതെ ആനുകൂല്യം അനുവദിച്ചു

നിർവ്വഹണം-ഐ സി ഡി എസ് സൂപ്പർവൈസർ

പ്രൊജക്റ്റ് നം.155/19

അടങ്കൽ-50000(വികസനഫണ്ട്)

വികലാംഗരായ വ്യക്തികൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സബ്സിഡി അനുവദിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ട്രഷറി ബിൽനം. 13/27.3.2019 പ്രകാരം 50000 രൂപ പിൻവലിച്ച് താഴെപ്പറയുന്ന രണ്ട് വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് 25000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവ് തയ്യാറാക്കി നൽകിയ പ്രൊജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്.

| പേര് | അക്കൗണ്ട് നം. | ഗുണഭോക്താവ് രേഖപ്പെടുത്തിയ ആവശ്യം | സംരംഭം തുടങ്ങുവാൻ ആവശ്യമായ തുക (ഗുണഭോക്താവ് കണക്കാക്കിയത്) |
|---|---|---|---|
| എം.കെ രമേഷ് മുണ്ടക്കാട്ടിൽ തെക്കുംപുറം | 32631327749 | കാറ്ററിംഗ് സർവീസ് | 74000 |
| ഉണ്ണികൃഷ്ണൻ തിരുത്തുമ്മേൽ തച്ചമ്പാറ | 37071135695 | ലോട്ടറി വിൽപന | 65000 |

ഈ പദ്ധതി നിർവഹിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി

- 2018-19 വർഷത്തിന് ബാധകമായ സബ്സിഡി മാർഗരേഖ സ.ഉ(കൈ)22/2018/തസ്വഭവ,തീയതി-14.2.2018 പ്രകാരം വ്യക്തിഗത ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് സബ്ഡിഡി അനുവദിക്കുന്ന പദ്ധതികൾ വായ്പാ ബന്ധിത പ്രൊജക്ടായിരിക്കണമെന്നും സബ്സിഡി തുക ബാക്ക് എൻഡഡ് ആയി ബാങ്കിലേക്ക് അനുവദിക്കണം എന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇതിനു വിപരീതമായി ബാങ്ക് ലിങ്ക്ഡ് അല്ലാതെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. സബ്സിഡി മാർഗരേഖ പ്രകാരം വ്യക്തികൾക്ക് പണമായി ധനസഹായം അനുവദിക്കുവാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.
- ഗുണഭോക്താവ് സമർപ്പിച്ച പ്രൊജക്ട് റിപ്പോർട്ടിന്റെ മാത്രം അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ പ്രൊജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംരംഭം ആരംഭിച്ചിട്ടുള്ളതായി ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. പദ്ധതി മോണിട്ടറിംഗ് നടത്തിയതിന്റെ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.
- സബ്സിഡി തുക വിനിയോഗിച്ച് സംരംഭം തുടങ്ങുന്നതിനായി വാങ്ങിയ സാധനസാമഗ്രികളുടെയും അനുബന്ധച്ചെലവുകളുടെയും ബില്ലുകൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല.

* പദ്ധതി ഫണ്ട് നൽകുമ്പോൾ ഗുണഭോക്താവുമായി നിയമാനുസൃതം ചമക്കേണ്ട എഗ്രിമെന്റ് വെയ്ക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

* അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്, ഗുണഭോക്താക്കളെ ഗ്രാമസഭയിലൂടെ തെരഞ്ഞെടുത്തത് തെളിയിക്കുന്ന രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കുകയുണ്ടായില്ല.

* 2018-19 വർഷത്തെ 5.3.2018 തീയതിയിലെ പദ്ധതി ആസൂത്രണ വർക്കിംഗ് ഗ്രൂപ്പിലെ (ഭിന്നശേഷിയുള്ളവർ, വൃദ്ധർ, ഭിന്നലിംഗ വിഭാഗം) 2ാം നം. തീരുമാനത്തിൽ ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് സ്വയംതൊഴിൽ എന്ന നിലയ്ക്ക് പെട്ടിക്കട, മുച്ചക്രവാഹനം നൽകുന്നതിന് പലിശരഹിത വായ്പ (ദീർഘകാല വായ്പ) അനുവദിക്കുന്നതിനാണ് നിർദ്ദേശം ഉണ്ടായിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പിലെ നിർദ്ദേശം പരിഗണിക്കാതെയാണ് സബ്സിഡി നേരിട്ട് ഗുണഭോക്താവിന് അനുവദിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് തുക നിക്ഷേപിച്ച് നല്കിയതിന് വിശദീകരണം ലഭ്യമാക്കുവാനും മേൽപ്പറഞ്ഞ അപാകതകൾക്കുള്ള വിശദീകരണം/ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/24.12.2019) നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ഗുണഭോക്താക്കൾ സ്വയംതൊഴിൽ സംരംഭം ആരംഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ രേഖകളുടെ അഭാവത്തിൽ ഗുണഭോക്താക്കൾക്ക് പണമായി അനുവദിച്ച ധനസഹായം തിരിച്ച് പിടിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കുന്നതിന് സർചാർജ്ജ് നടപടി സ്വീകരിക്കുന്നതാണ്.

# 1-24 ലൈഫ് പദ്ധതി-അവലോകനം

നിർവ്വഹണം-വി ഇ ഒ

2018-19 വർഷത്തിൽ തച്ചമ്പാറ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>ലൈഫ് പദ്ധതി ഒന്നാംഘട്ടം</u>

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി തൻവർഷം പ്രൊജക്ട് നം.167/19 പ്രകാരം ലൈഫ് മിഷൻ പദ്ധതി എന്ന പേരിൽ ജനറൽ വിഭാഗത്തിൽ 565000രൂപ ചെലവഴിച്ചിട്ടുണ്ട്. 9ഗുണഭോക്താക്കളിൽ എല്ലാവരും ഭവനനിർമാണം പൂർത്തീകരിച്ചിട്ടുണ്ട്.

<u>ലൈഫ് പദ്ധതി രണ്ടാം ഘട്ടം</u>

ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് വീട് നിർമാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിരുന്നത്. 208 പേരുടെ ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 190 പേരും എസ് സി 16പേരും എസ് ടി വിഭാഗത്തിൽ 2 പേരും ഉൾപ്പെട്ടതിൽ എസ്.സി വിഭാഗത്തിൽ 2 ഗുണഭോക്താക്കളും ജനറൽ വിഭാഗത്തിൽ 93 പേരും ഉൾപ്പെടെ ആകെ 95 പേരാണ് തൻവർഷം എഗ്രിമെന്റ് വച്ചിട്ടുള്ളത്.

ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ആകെ 4 ഗഡുക്കളായി തുക അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ലോൺ, എന്നിവയാണ് ഫണ്ട് സ്രോതസ്സുകൾ . സംസ്ഥാനാവിഷ്കൃതവിഹിതം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല

a) ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (1/19)- ജനറൽ

| ഫണ്ട് | അടങ്കൽ | 2018-19 വർഷത്തെ ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 2980000 | 2980000 |
| ബ്ലോക്ക് പഞ്ചായത്ത് | 643916 | 643916 |
| ജില്ലാ പഞ്ചായത്ത് | 958112 | 958112 |
| മറ്റിനം(വായ്പ്പ) | 67197972 | 9380000 |
| ആകെ | 71780000 | 13962028 |

ജനറൽ വിഭാഗത്തിലെ 95 ഗുണഭോക്താക്കളിൽ 27 ഗുണഭോക്താക്കൾ മാത്രമാണ് മുഴവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.

ഒരു ഗഡു മാത്രം കൈപ്പറ്റിയതിനുശേഷം ഭവനനിർമാണം നടത്തിയിട്ടില്ലാത്ത ഗുണഭോക്താക്കൾ

താഴെപ്പറയുന്ന ഗുണഭോക്താക്കൾ ആദ്യഗഡുവായ മുൻകൂർ തുക 40000 രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവനനിർമാണം ആരംഭിച്ച് തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. |
|---|---|
| റെയ്ച്ചൽ ഷാജി<br>താന്നിയിൽ<br>മുണ്ടനായ്, പാലക്കയം | 0736053000000631 |
| ഷൈനി ജോയ്<br>എടാട്ട്,ചീനിക്കപ്പാറ, പാലക്കയം | 0736053000000519 |
| ജമീല<br>കോലോത്തുപടി | 40376101017371 |

| | |
|---|---|
| തച്ചമ്പാറ | |
| ബദറുന്നീസ<br>കോലോത്തുപടി | 300912056122 |
| ജുമൈല<br>ഓട്ടുപാറ | 30162382491 |
| ലീന ബിനോയ്<br>കുന്നേത്ത്<br>വാക്കോടൻ | 40280201001 8509 |

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (2/19)-എസ്.സി.പി

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 800000 | 720000 |
| ബ്ലോക്ക് പഞ്ചായത്ത് | 34971 | - |
| ആകെ | 834971 | 720000 |

ആകെയുള്ള 2 ഗുണഭോക്താക്കളിൽ 1 ഗുണഭോക്താവ് മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

<u>ഹഡ്കോ ലോൺ</u>

2018-19 ൽ 9389692 രൂപ ഹഡ്കോയിൽ നിന്നും KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക ഗ്രാമപഞ്ചായത്തിന്റ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട്നം.38106966199 എസ് ബി ഐ ) നിക്ഷേപിച്ച് 9380000രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കിയുള്ള തുക പലിശ ഉൾപ്പെടെ 11014 രൂപ ഹഡ്കോയിലേക്ക് തിരിച്ചടച്ചിട്ടുണ്ട്.

<u>സർക്കാർ വിഹിതം</u>

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.

<u>ഭവനനിധി രൂപീകരിച്ചിട്ടില്ല</u>

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുബൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. നാളിതുവരെ ഭവനനിധി രൂപീകരിച്ചിട്ടില്ല.

<u>മോണിറ്ററിംഗ്</u>

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. സ്റ്റാന്റിംഗ് കമ്മറ്റികളും മോണിട്ടറിംഗ് കാര്യക്ഷമമായി നർവഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
   തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണോദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

കന്നുകുട്ടികളുടെ ആരോഗ്യ പരിപാലനത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ 14/19 എന്ന പ്രൊജക്റ്റിനായി 10,00,000/- രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | 250000/- |
| സംസ്ഥാനാവിഷ്കൃത പരിപാടി | 250000/- |
| ഗുണഭോക്തൃ വിഹിതം | 500000/- |
| ആകെ അടങ്കൽ | 1000000/- |

ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തിയ്യതി | ചെലവ് |
|---|---|
| 4/18-19/26.1.2018 | 250000 |

ഈ പദ്ധതിക്കായി പ്രായം 6 മാസം മുതൽ 8 മാസം വരെ പ്രായമുള്ള 40 കന്നുകുട്ടികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. 30 മാസം വരെയാണ് ഇവയ്ക്ക് കാലി തീറ്റ കൊടുത്ത് വരുന്നത്. ഈ കാലയളവില്ലുള്ള കാലി തീറ്റ വിതരണത്തിനായി 6250 രൂപയാണ് ഒരു കന്നുകുട്ടിക്ക് സബ്സിഡിയായി നൽകുന്നത്. ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ 250000/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രൊഗ്രാമിലേക്കായി അസിസ്റ്റന്റ് ഡയറക്ടർക്ക് NEFT മുഖേന കൈമാറിയിട്ടുണ്ട്.
(അക്കൗണ്ട് നം.714021400000008).

ഈ പദ്ധതിയുടെ പൂർത്തീകരണ റിപ്പോർട്ടും, ധനവിനിയോഗ സാക്ഷ്യപത്രവും പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 19/24.12.2019 പ്രകാരം വിനിയോഗ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് പദ്ധതി പൂർത്തിയാകുന്നമുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

# 1-26 ഇലക്ട്രിഫിക്കേഷൻ നടപടി പൂർത്തിയാക്കാത്തതിനാൽ നിർമ്മാണം കഴിഞ്ഞ ക്രിമറ്റോറിയം പ്രവർത്തിപ്പിക്കാനായിട്ടില്ല

പഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ പ്രൊജക്ട് നം 191/19 പ്രകാരം ശ്മശാന നിർമ്മാണം എന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. COSTFORD മുഖേനയാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ ശ്മശാനത്തിൽ വൈദ്യുതീകരണ പ്രവർത്തികൾ കഴിഞ്ഞ് വൈദ്യുതി ബോർഡിൽ നിന്നും ഇലക്ട്രിസിറ്റി കണക്ഷൻ എടുത്തിട്ടില്ലാത്തതിനാൽ ക്രിമറ്റോറിയം പ്രവർത്തനരഹിതമായി നിലകൊള്ളുന്നു. ഓഡിറ്റ് സമാപന മീറ്റിംങ്ങിൽ വിഷയം ഭരണസമിതി അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കി ഉപകരണങ്ങൾ ടെസ്റ്റ് ചെയ്തശേഷമേ COSTFORD ന് മുഴുവൻ തുകയും കൈമാറുകയുള്ളൂ എന്ന് ഭരണ സമിതി തീരുമാനമുള്ളതിനാൽ, സ്പിൽഓവറായി ഉൾപ്പെടുത്തിയിരുന്ന പദ്ധതിയുടെ

ഫൈനൽ പേമെന്റ് തൻവർഷവും നടന്നിട്ടില്ല. വൻതുക മുടക്കി ക്രിമറ്റോറിയത്തിൽ സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങൾ ദീർഘകാലം പ്രവർത്തിപ്പിക്കാതിരിക്കുന്നത് യന്ത്ര തകരാറിന് ഇടയാക്കും എന്നതിനാലും അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-27 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ.

ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷമവുമായ ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം.

തച്ചമ്പാറ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ MGNREGS മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം താഴെ ചേർക്കുന്നു.

മാഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ആകെ കുടുംബങ്ങളുടെ എണ്ണം 2586 ആണ്. ഇവർക്കെല്ലാം തന്നെ തൊഴിൽ കാർഡുകൾ ലഭിച്ചവരാണ്. തൻവർഷം 1934 പദ്ധതികൾക്കുള്ള അംഗീകാരം ലഭ്യമാവുകയും പ്രൊജക്റ്റുകൾക്കായി 174069500/- രൂപ (ലേബർ ബജറ്റ്) അടങ്കലായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ ഉൾപ്പെടെ ഏറ്റെടുത്ത പദ്ധതികളിൽ 322 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. 1469 കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചതിൽ 523 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ ലഭിച്ചിട്ടുണ്ട്. തൊഴിൽ ആവശ്യപ്പെട്ടതിന് ശേഷം തൊഴിൽ ലഭ്യമാവാത്തവരും തൊഴിൽരഹിത വേതനം നൽകപ്പെട്ടവരുമായി ആരും തന്നെയില്ല.

പ്രവൃത്തികളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നുണ്ട്. പദ്ധതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടേയും ചെലവഴിച്ച തുകകളുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| പ്രവൃത്തികളുടെ പേര് | നടപ്പിലാക്കിയത് | ചെലവഴിച്ച തുക |
|---|---|---|
| ജല സംരക്ഷണം | 23 | 2847882 |
| വരൾച്ച തടയൽ | 22 | 5512620 |
| ചെറുകിട ജലസേചനം | 31 | 369471 |
| ഭൂവികസനം | 82 | 10842498 |
| | | |

| | | |
|---|---|---|
| പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 23 | 4600096 |
| പട്ടിക ജാതി -പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം . | 32 | 5121362 |
| ഭവനനിർമ്മാണം | 95 | 252030 |
| റോഡ് നിർമ്മാണം | 8 | 1680041 |
| മഴക്കെടുതി നിവാരണ പ്രവൃത്തികൾ | 6 | 916341 |
| ആകെ | 322 | 32142341 |

കൂടുതൽ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുവാനും പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം – 2

- പരാമർശങ്ങൾ ഇല്ല –

ഭാഗം – 3

- പരാമർശങ്ങൾ ഇല്ല –

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 01.07.2019,02.07.2019 | കെ.എസ്.എ പി.കെഡി 21/997/2019(73) |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 63750 | സമഗ്ര നെൽകൃഷി വികസന പദ്ധതി | 63750 | 0 |
| | | 200000 | സാന്ത്വന പരിചരണ പദ്ധതി | 200000 | 0 |
| | | 643916 | ലൈഫ് ഭവന നിർമ്മാണം (GEN) | 643916 | 0 |
| | | 34971 | ലൈഫ് ഭവന നിർമ്മാണം (SCP) | 0 | 34971 |
| | | 125000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (സംയുക്തം) | 0 | 125000 |
| | | 100000 | പാലിന് സബ്സിഡി | 100000 | 0 |
| | 2017-18ന മുമ്പുള്ള തുക | 1000000 | ശ്മശാന നവീകരണം | 948141 | 51859 |
| | 2017- | 131030 | ഭിന്നശേഷിക്കാരായ | 131030 | 0 |

| | | | | | |
|---|---|---|---|---|---|
| | 18 | | വിദ്യാർത്ഥി – സ്കോളർഷിപ്പ് | | |
| ആകെ | | 2298667 | | 2086837 | 211830 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 21250 | സമഗ്ര നെൽകൃഷി വികസന പദ്ധതി | 21250 | 0 |
| | | 958112 | ലൈഫ് ഭവന നിർമ്മാണം (GEN) | 958112 | 0 |
| | | 100000 | പാലിന് സബ്സിഡി | 100000 | 0 |
| | | 1079362 | | 1079362 | 0 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തികൾ നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി, PH Division, ഷൊർണ്ണൂർ | ക്രിസ്ത്യൻ പള്ളി - റഹ്മാനിയ റോഡ് പൈപ്പ് ലൈൻ നീട്ടൽ | 17/ 10.10.18 | 74000 | വിനിയോഗ വിവരം ലഭ്യമല്ല. | - |
| ടി | 13 -ാം വാർഡ് കുടിവെള്ളപദ്ധതി- പൈപ്പ് ലൈൻ നീട്ടൽ | 21800559/ 5.10.18 | 561769 | ടി | - |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് | വായ്പ തുക | വർഷാരംഭ ത്തിൽ | തൻവർഷം തിരിച്ചടച്ച | വർഷാവ |
|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/ തിയ്യതി | | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ | 3568/10/ LSGD / 15.11.10 | 13517000 | 2170886 | 1459650 | - | 711236 |
| ലൈഫ് മിഷൻ | - | 9389692 | | 0 | | 9389692 |

# 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-7 ഓഡിറ്റ് റിക്കവറി

തൻവർഷത്തിൽ AFS പ്രകാരം 147 രൂപ വരവുണ്ടെങ്കിലും ആയത് 2018-19 വർഷത്തെ പെർഫോർമൻസ് ഓഡിറ്റുമായി ബന്ധപ്പെട്ട തുകയാണ്.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഒന്നുമില്ല.

# 4-9 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 72904255 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64754159 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5632 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

ഭാഗം.1-ൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 5632 | ശ്രീ. ഷിനിൽ സി.എൻ, സെക്രട്ടറി<br>ചാത്തംകുളത്ത് വീട്, കാട്ടൂർ(പി. ഒ), തൃശ്ശൂർ |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷിനിൽ.സി.എൻ<br>സെക്രട്ടറി | സെക്രട്ടറി,<br>മുളങ്കുന്നത്ത്കാവ്<br>ഗ്രാമപഞ്ചായത്ത് | ശ്രീ.ഷിനിൽ.സി.എൻ<br>ചാത്തംകുളത്ത് വീട്<br>കാട്ടൂർ.പി.ഒ<br>തൃശ്ശൂർ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും | തീർപ്പാക്കാൻ |
|---|---|---|

| വർഷം | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികൾ |
|---|---|---|
| 1996-97 | LFP4/50/02/22.01.02 | മുഴുവൻ |
| 1997-98 | LFP4/51/02/22.01.02 | -ടി- |
| 1998-99 | LFP9/681/04/18.08.04 | -ടി- |
| 1999-00 | LFP9/186/05/28.01.06 | -ടി- |
| 2000-01 | LFP9/180/07/14.02.08 | -ടി- |
| 2001-02 | LFP9/48/09/18.11.10 | -ടി- |
| 2002-03 | LFP9/48/09/20.12.10 | -ടി- |
| 2003-04 | LFP9/2180/13/30.12.13 | -ടി- |
| 2004-05 | LFP9/2181/13/30.12.13 | -ടി- |
| 2005-06 | LFP9/2182/13/30.12.13 | -ടി- |
| 2006-07 | LFP9/2183/13/30.12.13 | -ടി- |
| 2007-08 | LFP9/1797/13/13.12.13 | -ടി- |
| 2008-09<br>2009-10<br>2010-11 | LFP9/1629/13 | -ടി- |
| 2011-12 | LFP9/308/14/21.03.14 | -ടി- |
| 2012-13 | LFP9/222/15/10.3.15 | -ടി- |
| 2013-14 & 2014-15 | നം.കെ.എസ്.എ-പികെഡി 9/ 1011/16 തീ.14-7-16 | -ടി- |
| 2015-16 | നം.കെ.എസ്.എ-പി.കെ.ഡി. 9-223/2017 തീ.8.2.2017 | -ടി- |
| 2016-17 | നം.കെ.എസ്.എ-പി.കെ.ഡി. 9-1745/17 തീയതി- 13.11.17 | -ടി- |
| 2017-18 | നം.കെ.എസ്.എ-പി.കെ.ഡി. 9-454/2017 തീ.21.5.2019 | ടി |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം 1 വാർഷിക ധനകാര്യപത്രിക പരിശോധച്ചിതിൻമേലുള്ള സാക്ഷ്യപത്രം</u>

കെ.എസ്.എ-പി.കെ.ഡി-21/997/2019(73)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912-520145, തീയതി.26.08.2019

ഇ-മെയിൽ - dopkd.ksad@kerala.gov.in

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 31-3-2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം</u>

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. വസ്തുനികുതിയുടെ - നോൺ റസിഡൻഷ്യൽ എന്ന ഹെഡിന് കീഴിലുള്ള സഞ്ചയ പ്രകാരമുള്ള തൻവർഷത്തെ കുടിശ്ശികയിനത്തിലെ, ലൈബ്രറി സെസ് ഉൾപ്പെടെയുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് കണക്കുകൾ വാർഷിക കണക്കിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
2. 2017-18 ലെ ബാലൻസ് ഷീറ്റിലെ B-7 പ്രകാരമുള്ള വാർഷിക കണക്കിലെ നീക്കിയിരിപ്പ് 2018-19 ഡെപ്പോസിറ്റ് തുകകളുടെ ജനറൽ ഡെപ്പോസിറ്റ് രജിസ്റ്ററിലെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.
3. ഡി & ഒ ലൈൻസൻസ് ഫീ ഇനത്തിലുള്ള വാർഷിക ധനകാര്യ പത്രികയിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് കണക്കുകളും രജിസ്റ്ററിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കപ്പെട്ടിട്ടില്ല.
5. ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ തൻവർഷ കുടിശ്ശിക തുകകൾക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. (ഷെഡ്യൂൾ I-16).

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.PKD-21/997/2019(73)

Kerala State Audit Department, District Audit Office, Palakkad,

Phone Number: 04912 520145,

Date.26.08.2019

email: dopkd.ksad@kerala.gov.in

## Certificate

Certified that I have examined the Annual Financial Statement of Thachampara Gramapanchayat for the year ended on 31-3-2019 in Palakkad District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the Cetification of Accounts of Panchayat Raj Institutions.

In my opinion, the Financial Statement of Thachampara Gramapanchayat for the year 2018-19 subject to the observations in the Annexure, property presents the picture of income, expenditure and closing balance.

Deputy Director

## Annexure

### Abstract Defects/Discrepancies

1. DCB Statement for Arrears of Property Tax under the head of Non Residential Buildings including Library Cess for 2018-19 in Sanchaya is not tallying with the same in the AFS.
2. The Closing Balance of Deposits as per the AFS of 2017-18 in the schedule B-7 is not tallying with Opening Balance of 2018-19 in the General Deposit Register.
3. The DCB statement of D&O fees in the AFS for 2018-19 is not agreeing

with DCB statement of the Concerned Register.

4. Asset register not maintained uptodate.
5. Provision not given in Income and Expenditure accounts (I6) for arrear of current year.

Deputy Director

# അനുബന്ധം.2 വിവിധ പത്രികകൾ

| | | | |
|---|---|---|---|
| **Thachampara Grama Panchayat**<br>**RECEIPT & PAYMENT STATEMENT** | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 8626849.00 |
| Cash | Cash | RP-40(a) | 120766.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 895740.00 |
| 130000000 | Rental income from Panchayat Properties | RP-3 | 36000.00 |
| 140000000 | Fees & User Charges | RP-4 | 278682.00 |
| 150000000 | Sale & Hire Charges | RP-5 | 193186.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 42012352.00 |
| 171000000 | Interest Earned | RP-9 | 220851.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7062301.00 |
| 350000000 | Other Liabilities | RP-36 | 184650.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 147.00 |
| 330000000 | Secured Loans | RP-32 | 9389692.00 |
| 340000000 | Deposits Received | RP-34 | 303321.00 |
| 350000000 | Other Liabilities | RP-36 | 212526.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2765895.00 |
| 460000000 | Loans, Advances and Deposits | RP-47 | 601297.00 |
| | **Grand total** | | **72904255.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3794220.00 |
| 220000000 | Administrative Expenses | RP-12 | 2342512.00 |
| 230000000 | Operations & Maintenance | RP-13 | 1504409.00 |
| | | | |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4155417.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 25778873.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1468716.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 859436.00 |
| | | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 211102.00 |
| 255000000 | Maintenance Projects | RP-20 | 6411415.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 10000.00 |
| 280000000 | Prior Period item | RP-26 | -160709.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 188481.00 |
| 350000000 | Other Liabilities | RP-36 | 3795772.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 2221.00 |
| 330000000 | Secured Loans | RP-32 | 1459650.00 |
| 340000000 | Deposits Received | RP-34 | 38060.00 |
| 350000000 | Other Liabilities | RP-36 | 1488563.00 |
| 410000000 | Fixed Assets | RP-38 | 9785653.00 |
| 460000000 | Loans, Advances and Deposits | RP-47 | 1620368.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 8060603.00 |
| Cash | Cash | RP-40(b) | 89493.00 |
| | **Grand Total** | | **72904255.00** |

| | | | |
|---|---|---|---|
| | **Thachampara Grama Panchayat<br>INCOME & EXPENDITURE STATEMENT** | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 3477270.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 36000.00 |
| 140000000 | Fee & User Charges | I-4(b) | 349207.00 |
| 150000000 | Sale & Hire Charges | I-5(b) | 193186.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 120703688.00 |
| 171000000 | Interest Earned | I-8 | 208332.00 |
| 180000000 | Other Income | I-9 | 556136.00 |
| | **Total Income** | | **125523819.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 9041437.00 |
| 220000000 | Administrative Expenses | I-11(b) | 2342512.00 |
| 230000000 | Operations & Maintenance | I-12(b) | 1504409.00 |
| 240000000 | Interest & Finance Charges | I-13 | 2221.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4241467.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 54953755.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1468716.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 859436.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 43772102.00 |
| 255000000 | Maintenance Projects | I-14(e) | 6411415.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 10000.00 |
| 272000000 | Depreciation | I-17(a) | 2908179.00 |
| | **Total Expenditure** | | **127515649.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-1991830.00** |
| | | | |

| | | | |
|---|---|---|---|
| 280000000 | Prior Period Item | I-18 | -2260102.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **268272.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| **Thachampara Grama Panchayat BALANCE SHEET** | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 8654000.00 |
| 312000000 | Reserves | B-3 | 37757966.00 |
| | **Total Reserve & Surplus** | | **46411966.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3347072.00 |
| | **Total Grants, Contributions for Specific Purposes** | | **3347072.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 10100928.00 |
| | **Total Loans** | | **10100928.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 550536.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 819942.00 |
| | **Total Current Liabilities and Provisions** | | **1370478.00** |
| | **TOTAL LIABILITIES** | | **61230444.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 45284047.00 |
| 411000000 | Accumulated Depreciation | B-11 | -2908179.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **42375868.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 0.0 |
| 440000000 | Pre-paid Expenses | B-16 | 10100928.00 |
| 450000000 | Cash and Bank Balance | B-17 | 8150096.00 |
| 460000000 | Loans, Advances and Deposits | B-18 | 603552.00 |
| | **Total Current Assets, Loans and Advances** | | **18854576.00** |
| | **Other Assets** | | |
| | | | |

| | |
|---|---|
| **Miscellaneous Expenditure (To the Extent not written off)** | |
| **TOTAL ASSETS** | **61230444.00** |